# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.9/254/23 .

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
അസി.ഡെവലപ്മെൻറ് കമ്മീഷണർ,ഇടുക്കി

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.9/254/23 . തീയ്യതി: 10/03/2023

## ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-01-2022 മുതൽ 21-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-01-2023 | 30-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 30-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷംലത്ത് എം.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടീസ ജോസ് കാവാലത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയൻ വി.ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.രജി എം.ജി | സെക്രട്ടറി | 01-04-2021 | 09-05-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സെലീനാമ്മ കെ.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 27-09-2021 |
| ശ്രീമതി.ചന്ദ്ര ബിന്ദു കെ.ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 28-09-2021 | 31-03-2022 |
| ശ്രീമതി.ജനിത കെ.എൽ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിസിലിയാമ്മ മാത്യൂ | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ഡോ.രേഖ ശ്രീധർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രേഷ്മ ജി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 16-01-2022 |
| ശ്രീമതി.സിന്ധു പി.കെ | വ്യവസായ വികസന ഓഫീസർ | 13-01-2022 | 31-03-2022 |
| ശ്രീമതി.ആനിയമ്മ ഫ്രാൻസിസ് | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-9 |
| 10 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-10 |
| 11 | മുൻകൂർ തുക  ക്രമീകരിച്ചില്ല | 1-11 |
| 12 | സർവ്വേ ചാർജ്ജ് രണ്ട് തവണ പിൻവലിച്ചു - നിരാകരണം ₹1,935/- | 1-12 |
| 13 | രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 14 | വിനിയോഗ വിവരം ഹാജരാക്കിയില്ല | 1-14 |
| 15 | നിക്ഷേപ പ്രവൃത്തികൾ - പണി പൂർത്തീകരിച്ചില്ല | 1-15 |
| 16 | ഇ-ടെണ്ടറിൽ ലഭിക്കുന്ന ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല | 1-16 |
| 17 | മോണിട്ടറിംഗ് സമിതി നിർജ്ജീവം | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ട് | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

18.02.2021ലെ 1(1) ഭരണ സമിതി തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹5306435 |
| വരവ് | ₹119332000 |
| ആകെ | ₹124638435 |
| ചെലവ് | ₹119841000 |
| നീക്കിയിരിപ്പ് | ₹4797435 |

ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ വിവിധ ഘടക സ്ഥാപന മേധാവികളോട് നോൺ പ്ലാൻ ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുകയോ സമർപ്പിക്കുകയോ ചെയ്തതിന്റെ രേഖകളൊന്നും ലഭിച്ചിട്ടില്ല, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് അംഗീകരിക്കുന്നതിന് മുൻപുള്ള ബജറ്റ് ചർച്ച, അവതരണം എന്നിവ നടത്തിയതായി കാണുന്നില്ല. പെർഫോമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.06.2022 | | |

### 1-3 സാമ്പത്തിക വിശകലനം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് ലഭിച്ചത് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സ്/ നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 10743000 | 10743000 | 10743000 | 0 |
| വികസനഫണ്ട്-എസ്.സി.പി | | 4499000 | 4499000 | 4499000 | 0 |
| വികസനഫണ്ട്-ടി .എസ്.പി | | 519000 | 519000 | 519000 | 0 |
| മെയിന്റനൻസ്-നോൺറോഡ് | | 4097818 | 4097818 | 4001174 | 96644 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | | 2297571 | 2297571 | 2297350 | 221 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | | 3603528 | 3603528 | 3045475 | 558053 |

1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 39514536 | 75 | 26649716 | 0 | 5 | 93.75 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 11034849 | 10743000 | 97.35 |
| | പട്ടിക ജാതി വിഭാഗം | 4945781 | 4499000 | 90.96 |
| | പട്ടിക വർഗ്ഗ വിഭാഗം | 566811 | 519000 | 91.56 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6301099 | 5342825 | 84.79 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 4560000 | 0 | 0 |
| തനത് ഫണ്ട് | | 2470749 | 1544717 | 62.52 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 2310000 | 0 | 0 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 3216000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 4109247 | 4001174 | 97.37 |
| മറ്റിനം | | 0 | 0 | 0 |
| ആകെ | | 39514536 | 26649716 | 67.44 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 3 | 1123216 | 3 | 1123198 | 99.99 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 37 | 21695940 | 33 | 9456286 | 43.58 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 415000 | 1 | 415000 | 100 |
| മെഡിക്കൽ ഓഫീസർ-കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 7 | 2601532 | 7 | 2601362 | 99.99 |
| പട്ടിക ജാതി വികസന | 1 | 2160000 | 1 | 2160000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 | 445396 | 1 | 445396 | 100 |
| സീനിയർ വെറ്ററിനറി/ സർജൻ അസി. ഡയറക്ടർ | 3 | 1703667 | 3 | 1703667 | 100 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 423466 | 1 | 423466 | 100 |
| അസിസ്റ്റന്റ് എൻജിനീയർ | 26 | 8946319 | 25 | 8321341 | 93 |
| ആകെ | 80 | 39514536 | 75 | 26649716 | 67.44 |

1-5 തൊഴിലുറപ്പ് പദ്ധതി

- ബാധകമല്ല -

1-6 ക്ഷേമ പദ്ധതികൾ

– ബാധകമല്ല -

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ

ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കുന്നില്ല.

1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. തനത് വരവിനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. ആസ്തി രജിസ്റ്റർ 31.02.2022-ാം തീയതി വരെ കാലികമാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററും ബി-11, ആർ.പി-38 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട കണക്കിനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഐ.എ.വൈ. ലോൺ ഇനത്തിൽ 10.75 ശതമാനത്തിൽ അധികരിച്ച് വരുന്ന പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ഇത് സംബന്ധിച്ച രജിസ്റ്ററുകളോ കാൽക്കുലേഷൻ ഷീറ്റുകളോ സൂക്ഷിക്കുകയോ നല്കാനുള്ള പലിശ ബാധ്യതയായി കാണിക്കുകയോ ചെയ്യുന്നില്ല. പലിശയുടെ കണക്കുകൾ സഹിതം ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

5. ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

6. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യങ്ങൾക്കുമായി ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. ബി-4 ഷെഡ്യൂളിൽ വിവിധ ഫണ്ടിനങ്ങളുടെ നീക്കിയിരിപ്പായി ചേർത്ത തുകയും ബി-17 ഷെഡ്യൂളിൽ അതാത് ബാങ്ക്/ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| സംയുക്ത പദ്ധതികൾ | ₹26,21,710<br>(700000+1921710) | ടി.എസ്.ബി.<br>ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ₹580787/- |
| ടി.എസ്.സി | ₹5171/- | സാനിറ്റേഷൻ എൻ.ബി.എ.-ഐ.എ.വൈ.-20806<br>₹5327/- |

ജേണൽ എൻട്രി വഴി മുൻവർഷത്തെ നീക്കിയിരിപ്പിൽ ക്രമീകരണങ്ങൾ നടത്തിയതായി ലെഡ്ജറുകളിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ അനുബന്ധ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

8. ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ, വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

9. തനത് ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

10. പ്രയർ പിരീഡ് ₹6,39,658/-, RP-31ലെ കോവിഡ് റിക്കവറി ₹26,750/- എന്നീ തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

11. സ്ഥിര ആസ്തിയിലെ B-11 ഷെഡ്യൂളിൽ ഭൂമി മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

12. വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഫണ്ടുകളുപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് റോഡ് കോൺക്രീറ്റിങ്/ടാറിംഗ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. എന്നാൽ പ്രോജക്ട് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് I-14(e) & RP-20ൽ മെയിന്റനൻസ് പ്രോജക്ട് - റോഡ് അസറ്റ് - ടാർഡ് (₹9,98,098/-), റോഡ് അസറ്റ്-സിമന്റ് കോൺക്രീറ്റ് (₹8,71,416/-) എന്ന ഹെഡുകളിലാണ്.

13. B-9 ഷെഡ്യൂൾ പ്രകാരം മറ്റ് ബാധ്യതകൾ എന്ന ശീർഷകത്തിൽ ₹2,26,604/- ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ലഡ്ജറുകൾ പരിശോധിച്ചതിൽ ഇവ നിലവിലുള്ള ബാധ്യതകളല്ല എന്നും അക്കൗണ്ടിംഗിലെ അപാകത മൂലം സംഭവിച്ചിട്ടുള്ളതാണെന്നും കാണുന്നു.

14. താഴെ കൊടുത്തിട്ടുള്ള ഇനങ്ങളുടെ 2020-21 B-11 പ്രകാരമുള്ള Accumalated Depreciation സംഖ്യകളോട് കൂടി 2021-22-I17(a)-യിലെ Depreciation കൂട്ടിയാൽ 2021-22ലെ B-11ൽ രേഖപ്പെടുത്തിയിട്ടുള്ള Accumalated Depreciation ലഭിക്കുന്നില്ല. Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc.) ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ശീർഷകം | ഇനം |
|---|---|---|
| 1 | 411200101 | Buildings |
| 2 | 411320101 | Waterways |
| 3 | 411330101 | Public Lightings |
| 4 | 411400101 | Plant & Machinery |
| 5 | 411700101 | Furniture, Fixtures Etc. |
| 6 | 411800101 | Other Fixed Assets |

15. B-11+B-11(a)=B-3 ലഭിക്കുന്നില്ല. വ്യത്യാസത്തിനുള്ള കാരണം 3, തനത് ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

16. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

17. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ഇ പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല.

19. ഇ-ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors

Receivables)ൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

1-10 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഇടവെട്ടിച്ചിറ വനിതാ വർക്ക് ഷെഡ് തയ്യൽ കേന്ദ്രം/പ്രണവം ലൈബ്രറി എന്ന സ്ഥാപനത്തിൽ നിന്നും 2018-19 മാർച്ച് മുതൽ ചുവടെ ചേർക്കും വിധം വാടക ഈടാക്കുന്നില്ല.

| കാലയളവ് | വാടക | ജി.എസ്.ടി (18%) | പിഴ (12%) | ആകെ ₹ |
|---|---|---|---|---|
| 2018-19 മാർച്ച് മുതൽ 2020 ഏപ്രിൽ വരെ | 9250(37*250) | 1665 | 1110 | 12025 |
| 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 3000(250*12) | 540 | 300 | 3900 |
| | | | | 15295 |

കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/25-01-2023) ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ കെട്ടിടം ഇടവെട്ടി പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിക്ക് വേണ്ടി വാടകരഹിതമായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വാടക കുടിശ്ശിക ഈടാക്കുവാൻ കഴിയില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലെങ്കിലും മുൻ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 മുൻകൂർ തുക ക്രമീകരിച്ചില്ല

23/03/2021ലെ കമ്മിറ്റി തീരുമാനം നം. 2/2-ന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 6694613, തീയതി 24/04/2021 പ്രകാരം സാക്ഷരതാ പ്രേരകിന് ഹോണറേറിയം ഇനത്തിൽ അഡ്വാൻസായി നൽകിയ ₹15,930/- ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/30-1-2023) മറുപടി ലഭ്യമാക്കിയില്ല.

1-12 സർവ്വേ ചാർജ്ജ് രണ്ട് തവണ പിൻവലിച്ചു - നിരാകരണം ₹1,935/-

സെക്രട്ടറി നടപ്പാക്കിയ പ്ലാൻ ഫോർമുലേഷൻ, മോണിറ്ററിങ് (പ്രൊജക്ട് നം.3/22) എന്ന പദ്ധതിയിൽ താഴെ കൊടുത്തിട്ടുള്ളത് പ്രകാരം തുക മാറിയിട്ടുണ്ട്

| ബിൽ നം. | തീയതി | തുക (₹) |
|---|---|---|
| 211005630104004777731 | 04-10-2021 | 50000 |
| 211005630104013389980 | 16-03-2022 | 52925 |
| | ആകെ | 102925 |

പറത്താനം കുടിവെള്ള പദ്ധതിക്കായി സർവ്വേ ചാർജ്ജിനത്തിൽ 09.09.2021-ന് തൊടുപുഴ സബ് ട്രഷറിയിൽ KL0102248576202124 നമ്പരായി ഒടുക്കിയ ₹1,935/-ന്റെ ചലാൻ രസീത് പകർപ്പ് മേൽ രണ്ട് ബില്ലിനോടൊപ്പവും സബ് വൗച്ചറായി ചേർത്തിരിക്കുന്നു. ഈ സാഹചര്യത്തിൽ അധികമായി പിൻവലിച്ച ₹1,935/- സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-13 രേഖകൾ ഹാജരാക്കിയില്ല

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ എന്ന പദ്ധതിയിൽ താഴെ പറയുന്ന വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|---|
| കുമാരമംഗലം | 25/08.09.2021 | 182500 |
| കുമാരമംഗലം | 24/03.09.2021 | 7000 |
| പുറപ്പുഴ | 41/15.10.2021 | 68800 |
| കരിങ്കുന്നം | 49/22.10.2021 | 179900 |
| മുട്ടം | 50/23.10.2021 | 64000 |
| മണക്കാട് | 87/06.12.2021 | 176000 |
| ഇടവെട്ടി | 97/13.12.2021 | 21350 |
| | ആകെ | 699550 |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച ₹6,99,550/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 വിനിയോഗ വിവരം ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - എന്ന പദ്ധതിയ്ക്കായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ടെങ്കിലും തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | പഞ്ചായത്തിന്റെ പേര് | തുക (₹) |
|---|---|---|
| 21100563010600369482/03.09.21 | പുറപ്പുഴ | 100000 |
| 21100563010600432474/22.09.21 | ഇടവെട്ടി | 100000 |
| 21100563010600543409/22.10.21 | മുട്ടം | 100000 |
| 21100563010600600146/30.10.21 | കുമാരമംഗലം | 100000 |
| | ആകെ | 400000 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹4,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 നിക്ഷേപ പ്രവൃത്തികൾ - പണി പൂർത്തീകരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ₹7,50,400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ജല അതോറിറ്റി തൊടുപുഴ | തോട്ടുങ്കര അറക്കൽ കോളനി കുടിവെള്ള പദ്ധതി | 211005630104008390031 തീ. 24.12.2021 | 500000 | 0 | 500000 |
| ജല അതോറിറ്റി തൊടുപുഴ | പ്ലാന്റേഷൻ മുഞ്ഞനാട്ട് റോഡ് കുടിവെള്ള പദ്ധതി | XVFC/21-22/P/4 തീ. 31.12.2021 | 240000 | 0 | 240000 |
| ജല അതോറിറ്റി തൊടുപുഴ | പറത്താനം കുടിവെള്ള പദ്ധതി | | 720000 | 709600 | 10400 |
| | | | | ആകെ | 750400 |

1-16 ഇ-ടെണ്ടറിൽ ലഭിക്കുന്ന ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല

ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ച് നടപ്പാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്നുണ്ടെങ്കിലും ഇപ്രകാരം ലഭിക്കുന്ന തുക യഥാസമയം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നില്ല. 01.04.2021ൽ ₹13,4,221/- മുന്നിരിപ്പുണ്ടായിരുന്ന ഈ അക്കൗണ്ടിൽ (നം.37685651802) 31.03.2022ലെ നീക്കിയിരിപ്പ് ₹1,71,473/- ആണ്. ഓഡിറ്റ് വർഷം തുകയൊന്നും കൈമാറിയിട്ടില്ല. അക്കൗണ്ടിൽ നിലനിർത്തേണ്ട കുറഞ്ഞ ബാലൻസ് കഴിച്ച് ബാക്കിയുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് അടിയന്തിരമായി കൈമാറേണ്ടതാണ്.

1-17 മോണിട്ടറിംഗ് സമിതി നിർജ്ജീവം

ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ

മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതിൽ നിന്നും ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയും ഗുണമേന്മയും സുതാര്യതയും ഉറപ്പ് വരുത്തേണ്ട സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിച്ചിട്ടില്ല എന്ന് കാണുന്നു. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രോജക്ട്

– ഇല്ല –

### 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോ. നം.-61 നെടിയശാല വഴിത്തല-വളപ്പിള്ളി മുണ്ടൻമല സ്ട്രീറ്റ് ലൈൻ | | 499931 | 499931 | 0 |
| ജല അതോറിറ്റി തൊടുപുഴ | തോട്ടുങ്കര അറക്കൽ കോളനി കുടിവെള്ള പദ്ധതി | 2110056301040083 9031/ തീ. 24.12.2021 | 500000 | 0 | 500000 |
| ജല അതോറിറ്റി തൊടുപുഴ | പ്ലാന്റേഷൻ മുഞ്ഞനാട്ട് റോഡ് കുടിവെള്ള പദ്ധതി | XVFC/21-22/P/4 തീ. 31.12.2021 | 240000 | 0 | 240000 |
| ജല അതോറിറ്റി തൊടുപുഴ | ആക്കപ്പടി പോസ്റ്റോഫീസ് സ്ട്രീറ്റ് ലൈൻ | | 499848 | 499848 | 0 |
| ജല അതോറിറ്റി തൊടുപുഴ | പറത്താനം കുടിവെള്ള പദ്ധതി | | 720000 | 709600 | 10400 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2012-13 സാമ്പത്തിക വർഷം 60 ഗുണഭോക്താക്കൾക്ക് ₹75,000/- വീതം ഐ.എ.വൈ. അധിക ധനസഹായം നൽകുന്നതിന് വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരം ഇടുക്കി സഹകരണ ബാങ്കിന്റെ തൊടുപുഴ മെയിൻ ശാഖയിൽ നിന്നും ₹45,00,000/- തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.03.2013-ലെ 17774/ഡിഡി-1/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വായ്പ എടുത്തിരുന്നു. എന്നാൽ തൻ വർഷം തിരിച്ചടയ്ക്കുവാൻ ബാക്കിയായ തുക ₹9,00,000/- ആണ്. തിരിച്ചടച്ചിട്ടുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക ലഭ്യമാക്കിക്കൊണ്ടിരുന്നത്. തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക ₹ |
|---|---|
| 2014-15 | 22897 |
| 2017-18 | 1312000 |
| 2020-21 | 1815103 |
| 2021-22 | 450000 |
| ആകെ | 3600000 |

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ | വർഷാവസാനം തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തീയതി | തുക ₹ | ബാക്കി ഉണ്ടായിരുന്ന തുക ₹ | മുതൽ ₹ | | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ഐ.എ.വൈ. | 20.03.2013-ലെ 17774/ഡിഡി-1/ 2013/ത.സ്വ.ഭ.വ | 4500000 | 3150000 | 450000 | ഇല്ല | 900000 |

4-6 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല -

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെയോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം | തീർപ്പാക്കിയില്ല |

4-9 ചാർജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹6766090 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹48423839 |
| ആകെ | ₹55189929 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹50749640 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹4440289 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1935 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1849950 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | - ഇല്ല - | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 699550 | ശ്രീമതി. സിസലിയാമ്മ മാത്യൂ, സി.ഡി.പി.ഒ |
| 1-14 | 400000 | ഡോ. രേഖ ശ്രീധർ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 1-15 | 750400 | ശ്രീ. ജയൻ വി. ജി, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല -

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

– ഇല്ല -

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സിസലിയാമ്മ മാത്യൂ<br>സി.ഡി.പി.ഒ | | മംഗലത്ത്<br>മൂലമറ്റം പി.ഒ<br>ഇടുക്കി ജില്ല<br>പിൻ- 685589 |
| ഡോ. രേഖ ശ്രീധർ<br>മെഡിക്കൽ ഓഫീസർ, | | പേരകത്ത്<br>ആരവല്ലിക്കാവ് |

| | | |
|---|---|---|
| (സി.എച്ച്.സി) | | വെങ്ങല്ലൂർ പി. ഒ.<br>തൊടുപുഴ, ഇടുക്കി ജില്ല<br>പിൻ – 685608 |
| ശ്രീ. ജയൻ വി. ജി,<br>സെക്രട്ടറി | സെക്രട്ടറി<br>തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | വടക്കേക്കര വീട്<br>മണക്കാട് പി.ഒ<br>തൊടുപുഴ,<br>പിൻ – 685608<br>ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2008-09 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 222/18/21.03.2018 | 1 | 3-4 |
| 2010-11 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 991/2018/29.09.2018 | 1 | 3-4 |
| 2012-13 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 205/16/05.04.2016 | 1 | 3-3 |
| 2014-15 | കെ.എസ്.എ.–ഐ.ഡി.കെ.– 7/ 4/2018/12.03.1018 | 2 | 2-1, 3-2 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ–7/ 830/17/14.07.2017 | 2 | 3-2, 3-3 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ–7/ 230/19/26.03.2019 | 3 | 3-2, 3-10, 3-11 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ–7/ 118/20/09.03.2019 | 5 | 1-12, 1-14, 1-16, 1-20, 3-2 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ– 4/444/22 | 27 | 1-1 മുതൽ 1-15 വരെ 2-1, 4-1 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ– | 9 | 1-10,1-11,1-12, 1-13, 1-14, |

| | | | |
|---|---|---|---|
| | 4/445/22 | | 1-15, 1-16,-17, 2-1 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്